# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 902 — 20.03.2013 -ൽ മറുപടിക്ക്.

### ബാലവേലയ്ക്ക് ഉത്തരവാദികളായവർക്കെതിരെ നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എം. ഉമ്മർ: | | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് ചില ഭക്ഷണശാലകളിലും ചെറുകിട ഉല്പാദക യൂണിറ്റുകളിലും ബാലവേല നിലനിൽക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | ഇല്ല. |
| (ബി) ബാലവേല നിർമ്മാർജ്ജനത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | കേരളത്തിലെ എല്ലാ തൊഴിൽ മേഖലകളിലും ബാലവേല നിരോധിച്ചിരിക്കുന്ന സാഹചര്യത്തിൽ കേരളത്തെ ബാലവേല വിമുക്തമായി പ്രഖ്യാപിക്കാനുള്ള വമ്പിച്ച പ്രചാരണ പരിപാടികളും ബോധവത്ക്കരണ പരിപാടികളും സംഘടിപ്പിച്ചു വരുന്നു. ഇതിനായി നിയമിതരായിട്ടുള്ള ഉദ്യോഗസ്ഥർ സ്ഥാപന പരിശോധനാ വേളകളിൽ ബാലവേല നിലനിൽക്കുന്നുണ്ടോ എന്ന് പ്രത്യേക പ്രാധാന്യം നൽകി പരിശോധനാ വിധേയമാക്കി വരുന്നു. ഇതുകൂടാതെ 24 മണിക്കൂറും പ്രവർത്തിക്കുന്ന ചൈൽഡ് ലൈനിന്റെ ടോൾ ഫ്രീ നമ്പർ മുഖേന പരാതികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |
| (സി) ബാലവേല കണ്ടെത്തിയാൽ അതിന് ഉത്തരവാദികളായവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുന്നത്; വിശദാംശം നൽകുമോ; | (സി) | ബാലവേല കണ്ടെത്തിയാൽ അതിന് ഉത്തരവാദികൾ ആയവർക്ക് എതിരെ ബഹു. സുപ്രീംകോടതി നിർദ്ദേശിച്ച പ്രകാരം 20,000/- രൂപ പിഴ കെട്ടിവയ്ക്കുന്നതിനുള്ള നിർദ്ദേശം നൽകുകയും പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |

| | |
|---|---|
| (ഡി) ഉപജീവനത്തിനുവേണ്ടി ജോലി ചെയ്യാൻ നിർബന്ധിതരാകുന്ന കുട്ടികളുടെ പുനരധിവാസം ഏതു രീതിയിലാണെന്ന് വിശദമാക്കുമോ? | (ഡി) കുട്ടികൾ ജോലി ചെയ്യുന്നതായി കാണുന്ന അവസരങ്ങളിൽ ചൈൽഡ് ലൈനിന്റെ സഹായത്തോടുകൂടി കുട്ടികളുടെ പുനരധിവാസത്തിനായി രൂപീകരിച്ചിട്ടുള്ള ചൈൽഡ് ലേബർ വെൽഫെയർ സൊസൈറ്റിക്ക് കുട്ടികളെ കൈമാറുകയാണ് ചെയ്യുന്നത്. സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരമാണ് പുനരധിവാസ പ്രവർത്തനങ്ങൾ നടത്തുന്നത്. |

സെക്ഷൻ ഓഫീസർ